**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ**
**ചോദ്യം നമ്പർ. *683** — **03/11/2016- ൽ മറുപടിയ്ക്ക്.**

## മിൽമയുടെ ലാഭം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീമതി .സി.കെ.ആശ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പാൽ ഉപഭോഗത്തിന്റെ എത്ര ശതമാനമാണ് മിൽമ നിവർത്തിക്കുന്നത് ; | (എ) കേരളത്തിലെ പാലിന്റെ ഉപഭോഗം പ്രതിദിനം ഏകദേശം 87.5 ലക്ഷം ലിറ്ററാണ് എന്ന് കണക്കാക്കപ്പെടുന്നു. ഇതിന്റെ 15.4 ശതമാനമാണ് മിൽമ വഴി വിപണനം നടത്തുന്നത്. |
| (ബി) ഒരു ലിറ്റർ പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മിൽമ എത്ര ലാഭമാണ് ഉണ്ടാക്കുന്നത്; പ്രസ്തുത ലാഭ വിഹിതം ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്നുണ്ടോ ;ഇല്ലെങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) മിൽമയുടെ കീഴിലുള്ള മേഖല യൂണിയനുകൾ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലിനോടൊപ്പം വിപണി നിലനിർത്തുന്നതിന് ഏകദേശം 20 ശതമാനത്തോളം പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്നും വാങ്ങുന്നുണ്ട്. ഇങ്ങനെ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലിന്റെയും അയൽ സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന പാലിന്റെയും ഒരു ഭാഗമാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്നത്. എന്നാൽ ഉൽപാദന ചെലവ് വിവിധ പ്ലാന്റുകളിൽ വ്യത്യസ്തമായിരിക്കും. സൊസൈറ്റികളിൽ നിന്നും മറ്റു ഡയറികളിൽ നിന്നും പാലെത്തിക്കുന്നതിനുള്ള കടത്തുകൂലി, പാൽ പ്രോസസ് ചെയ്യുന്നതിനും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള ചെലവിലുണ്ടാകുന്ന വ്യതിയാനങ്ങൾ, |

പെട്രോളിയം ഉൽപന്നങ്ങളുടെ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, പാലും പാലുൽപന്നങ്ങളുടെ വിതരണത്തിലുണ്ടാകുന്ന ദൂരപരിധിയനുസരിച്ചുള്ള വ്യതിയാനങ്ങൾ തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ഓരോ പ്ലാന്റുകൾക്കും വ്യത്യസ്തമായ രീതിയിലായിരിക്കും ഉൽപാദന ചെലവ്.

മിൽമ മൊത്തമായി കൈകാര്യം ചെയ്ത പാലിന്റെ കണക്കിനെ അടിസ്ഥാനമാക്കിയാണ് അന്തിമ ലാഭനഷ്ട കണക്കിലെത്തിയിരിക്കുന്നത്.

മിൽമയുടെ 2015-16-ലെ ആഡിറ്റ് ചെയ്യപ്പെട്ട വാർഷിക റിപ്പോർട്ടനുസരിച്ച് മേഖലാ യൂണിയനുകളുടെ സഞ്ചിത ലാഭം 8.67 കോടി രൂപയായിരുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ പാൽ വിപണനത്തിനും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനത്തിനും വേണ്ടി സംഘങ്ങളിൽ നിന്നും സംഭരിച്ചതും അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയതുമായി ഏകദേശം 49.90 കോടി ലിറ്റർ പാൽ ഉപയോഗിച്ചിട്ടുണ്ട്. ആയതിനാൽ 2015-16 –ലെ സഞ്ചിത ലാഭമായ 8,67 കോടി രൂപ തൻവർഷം സംഭരിച്ചതും സംസ്കരിച്ച് പാലും പാലുൽപന്നവുമായി വിൽപ്പന നടത്തിയതുമായ 49.90 കോടി ലിറ്റർ പാൽ കൊണ്ട് ഹരിച്ചാൽ ഒരു ലിറ്റർ പാലിന് ഏകദേശം 17 പൈസ ലാഭം ലഭിച്ചിട്ടുണ്ട്. മൊത്തം ഉപയോഗിച്ച പാലിൽ ഏകദേശം 10 ശതമാനത്തോളം മൂല്യ വർദ്ധിത ഉൽപന്നങ്ങൾക്ക് വേണ്ടിയാണ്. എന്നാൽ മൂല്യവർദ്ധിത ഉൽപന്നങ്ങളിൽ നിന്നുള്ള ലാഭം പാലിൽ നിന്നുള്ള ലാഭത്തേക്കാൾ കൂടുതലായിരിക്കും. പാലിന്റെയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടേയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തമ്മിലുള്ള പ്രോസസിംഗ്, പാക്കിംഗ് & നിർമ്മാണ ചെലവുകളും, ശീതികരണ ശൃംഖല

നിലനിർത്തുന്നതിനുള്ള ചെലവുകളും, കൈകാര്യ ചെലവുകളും എല്ലാം തന്നെ വ്യത്യസ്തമായതിനാൽ തരം തിരിച്ച ലാഭം കണ്ടെത്തൽ പ്രക്രിയ പ്രായോഗികമല്ല.

മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്തനം സമയാസമയങ്ങളിൽ വിലയിരുത്തി സംഘങ്ങൾക്കും ക്ഷീര കർഷകർക്കും പാൽ വിലയ്ക്ക് പുറമെ പ്രവർത്തന ലാഭത്തിൽ നിന്നും ഇൻ സെന്റീവും ഉൽപാദനോപാധികൾക്കുള്ള സബ്സിഡിയും കാലിത്തീറ്റ സബ്സിഡിയും നൽകി വരുന്നുണ്ട് എന്നാണ് മിൽമ സർക്കാരിനെ അറിയിച്ചിരിക്കുന്നത്

| | | | |
|---|---|---|---|
| (സി) | ഒരു ലിറ്റർ പാലിൽ നിന്ന് പാക്കറ്റ് പാൽ വില്പനയിലൂടെ എല്ലാ ചെലവുകളും കഴിച്ച് എത്ര രൂപയുടെ ലാഭമാണ് മിൽമയ്ക്ക് ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | 2015-16 സാമ്പത്തിക വർഷത്തെ മിൽമയുടെ കണക്ക് പ്രകാരം ഏകദേശം 17 പൈസ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.